പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2756 10.12.2014-ൽ മറുപടിക്ക്

## ജലനിധി രണ്ടാം ഘട്ട പദ്ധതി

| ചോദ്യം<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.സണ്ണി ജോസഫ് | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 1022 കോടി രൂപ മുതൽ മുടക്കി 2012-17 കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ ജില്ലകളിൽ നിന്നുമുള്ള ഗ്രാമപഞ്ചായത്തു കളിലും, തുടർന്നുള്ള ബാച്ചുകളിൽ കാസർ കോട്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനു ദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും, 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| സി) | എന്തെല്ലാം തരത്തിലുള്ള ധന സഹായങ്ങളാണ് പദ്ധതി നടത്തി പ്പിനായി പ്രയോജന പ്പെടുത്തുന്നത്; വിശദമാക്കുമോ ; | സി) | ജലനിധി ലോകബാങ്കിന്റെ സഹായ ത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64% ലോകബാങ്ക് വായ്പ മുഖേനയും 19 % സംസ്ഥാന സർക്കാർ നേരിട്ടും 12% ഗ്രാമപഞ്ചായത്തും, 5% ഗുണ ഭോക്തൃ സമിതികളും എന്ന കണക്കിന് സ്വരൂപിക്കുകയാണ് ചെയ്യുന്നത്. |
| ഡി) | പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | ബാച്ച് 1 ലെ 20 ഗ്രാമ പഞ്ചായത്തു കളിലും, ബാച്ച് 2 ലെ 63 ഗ്രാമ പഞ്ചായത്തുകളിലും പദ്ധതി പ്രവർത്തന ങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ബാച്ച് 1 ൽ വലുതും ചെറുതുമായ 453 കുടിവെള്ള പദ്ധതികളും, ബാച്ച് രണ്ടിൽ 62 ഗ്രാമ പഞ്ചായത്തുകളിലായി ഏകദേശം 1133 പദ്ധതികളുടെ നിർമ്മാണ പ്രവർത്തന ങ്ങൾ നടന്നു വരുന്നു. ഇവയ്ക്ക് പുറമെ 12 പഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചാ യത്ത് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 393 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ആയ തിൽ 328 പദ്ധതികളിൽ ജല വിതരണം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 80,000 ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു കഴിഞ്ഞു. |

[signature]

സെക്ഷൻ ഓഫീസർ